<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിനാറാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2258</u> 17/<u>02/2016-ൽ മറുപടിക്ക്</u>

## <u>പട്ടികവർഗ്ഗ വിഭാഗത്തിന്റെ കഴിവുകൾ പ്രോൽസാഹിപ്പിക്കുന്നതിനായുള്ള പദ്ധതികൾ</u>

| <u>ചോദ്യം</u> | | <u>മറുപടി</u> | |
|---|---|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ) | പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ സാംസ്കാരികവും കലാപരവുമായ കഴിവുകൾ പ്രോൽസാഹിപ്പിക്കുന്നതിനും തനിമയോടെ നിലനിർത്തുന്നതിനും നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | എ) | പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ സാംസ്കാരികവും കലാപരവുമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും അവ തനിമയോടെ നിലനിർത്തുന്നതിനുമായി വകുപ്പിൽ പ്രത്യേകമായി ഒരു 'ആദികലാ കേന്ദ്രം' പ്രവർത്തിക്കുന്നുണ്ട്. ആദികലാകേന്ദ്രത്തിന്റെയും പരിശീലന വിഭാഗത്തിന്റെയും ഭാഗമായി വർഷം തോറും പട്ടികവർഗ്ഗക്കാരുടെ തനത് കലാരൂപങ്ങളെ അടുത്ത തലമുറയിലേയ്ക്ക് പകർന്നു നൽകുന്നതിനും വേദികളിൽ അവതരിപ്പിക്കുന്നതിനും അവയെ ചിട്ടപ്പെടുത്തുന്നതിനും ഗോത്രവർഗ്ഗ പഠന കളരികളും പരിശീലന പരിപാടികളും സംഘടിപ്പിക്കാറുണ്ട്. കൂടാതെ വർഷംതോറും രണ്ട് ജില്ലകളിലായി നടത്തുന്ന ഒരാഴ്ച നീണ്ടുനിൽക്കുന്ന "പൈതൃകോൽസവം" പരിപാടിയുടെ ഭാഗമായും അല്ലാതെയും ഗോത്രവർഗ്ഗക്കാരുടെ തനതു കലകളെയും കരകൗശല വൈദഗ്ധ്യത്തെയും അവരുടെ ഭക്ഷ്യപാരമ്പര്യത്തെയും പ്രോത്സാഹിപ്പിക്കുന്നതിനും അവയെ മറ്റാളുകൾക്ക് പരിചയപ്പെടുത്തിക്കൊടുക്കുന്നതിനും മറ്റുമായി നാടൻ കലാമേളകളും കരകൗശല പ്രദർശന വിപണന സ്റ്റാളുകളും, ഭക്ഷ്യമേളകളും സംഘടിപ്പിക്കാറുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും ഹോസ്റ്റലുകളിലെയും വിദ്യാർത്ഥികളുടെ കലാപരമായ കഴിവുകൾ |

| | | | |
|---|---|---|---|
| | | | പ്രോത്സാഹിപ്പിക്കുന്നതിന് "സർഗ്ഗോത്സവം" എന്ന പേരിൽ എല്ലാ വർഷവും കലാമേളയും സംഘടിപ്പിക്കാറുണ്ട്.<br>നടപ്പ സാമ്പത്തികവർഷം സംസ്ഥാന സ്കൂൾ യുവജനോത്സവം പരിപാടികളിൽ പട്ടികവർഗ്ഗക്കാരുടെ തനതു നൃത്തരൂപങ്ങളെ ഉൾപ്പെടുത്തുന്നതിന് മുന്നോടിയായി പണിയരുടെ വട്ടക്കളി, മാവിലരുടെ മംഗലംകളി, ഇരുളരുടെ നൃത്തം, മലപുലയരുടെ ആട്ടം, പളിയരുടെ നൃത്തം എന്നീ തനത് കലാരൂപങ്ങളുടെ പ്രദർശനം സംഘടിപ്പിക്കുന്നതിനായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 23 സ്കൂളുകളിൽ അവയ്ക്കുവേണ്ട പരിശീലനം പ്രത്യേകം സംഘടിപ്പിക്കുകയും തിരുവനന്തപുരത്ത് വച്ച് നടന്ന 56-ാം സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ മേൽപ്രസ്താവിച്ച തനത് നൃത്തരൂപങ്ങളുടെ പ്രദർശനം ഒരുക്കുന്നതിന് മുൻകൈ എടുക്കുകയും ചെയ്തു. ഇതിനുപുറമെ 2013 ൽ സംസ്ഥാനത്തിലെ പട്ടികവർഗ്ഗ കലാരൂപങ്ങൾ, കലാസമിതികൾ, കലാകാരന്മാർ, കരകൗശല വിദഗ്ദ്ധർ എന്നിവയുടെ പേര് പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. സംസ്ഥാനത്തിലെ അഞ്ച് അതീവ ദുർബല ഗോത്ര വിഭാഗങ്ങളുടെയും പണിയൻ. അടിയാൻ സമുദായങ്ങളുടെയും ആചാരാനുഷ്ഠാനങ്ങൾക്കും സാംസ്കാരികവും കലാപരവുമായ സവിശേഷതകൾക്കും ഊന്നൽ നൽകിക്കൊണ്ട് വെവ്വേറെയായി 7 ഹ്രസ്വ ചിത്രങ്ങൾ നിർമ്മിച്ചിട്ടുമുണ്ട്. കൂടാതെ, മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഹോസ്റ്റൽ വിദ്യാർത്ഥികൾക്കായി വകുപ്പ് സംഘടിപ്പിക്കുന്ന സർഗ്ഗോത്സവത്തിൽ വിജയിക്കുന്ന പട്ടികവർഗ്ഗ കലാ പ്രതിഭകൾക്ക് എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകൾക്ക് ഗ്രേസ് മാർക്കും നൽകുന്നുണ്ട്. |
| ബി) | ആദിവാസി വിഭാഗങ്ങളുടെ പച്ചമരുന്നുകളെക്കുറിച്ചും ഒറ്റമൂലികളെക്കുറിച്ചുമുള്ള അറിവ് പൊതുജനങ്ങളിലെത്തിക്കുവാനും അവ ശാസ്ത്രീയമായി തെളിയിക്കുവാനും നടത്തുന്ന ശ്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | ബി) | വംശീയ വൈദ്യം പ്രോത്സാഹിപ്പിക്കുന്നതിനും അവയെ പൊതുജനങ്ങളിൽ എത്തിക്കുന്നതിനും മറ്റുമായി വകുപ്പ് മുൻകൈ എടുത്ത് വയനാട് ജില്ലയിലെ മാനന്തവാടി പ്രദേശത്ത് ശ്രീ. അച്ചപ്പൻ വൈദ്യരുടെ നേതൃത്വത്തിൽ വംശീയ വൈദ്യ ഗവേഷണ പഠനകേന്ദ്രം ആരംഭിക്കുകയും 1996 ൽ പട്ടികവർഗ്ഗ സമുദായങ്ങൾക്ക് മാത്രമായി ത്രിവൽസര വംശീയ വൈദ്യ സർട്ടിഫിക്കറ്റ് കോഴ്സ് സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2012-13 ൽ കാസർഗോഡ് ഉൾപ്പെടെ 5 ഇടങ്ങളിൽ |

| | | | |
|---|---|---|---|
| | | | വംശീയ വൈദ്യ തിരുമ്മു ചികിത്സയിൽ പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. 2013-14 സമ്പത്തികവർഷം വയനാട് ജില്ലയിലെ അടിയ-പണിയ സമുദായാംഗങ്ങളായ 45 യുവതീ-യുവാക്കൾക്ക് 15 ദിവസത്തെ പരിശീലനം വംശീയ വൈദ്യത്തിൽ നൽകിയിട്ടുണ്ട്. വംശീയ വൈദ്യ പാരമ്പര്യ ഔഷധ ജ്ഞാനം ഗോത്രവർഗ്ഗക്കാരിൽതന്നെ നിലനിർത്തുന്നതിനും പൊതുജനങ്ങൾ ഉൾപ്പെടെയുള്ളവർക്ക് വംശീയ വൈദ്യ ചികിത്സയുടെ സേവനം കൂടുതലായി ലഭിക്കുന്നതിനും നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രസ്തുത പ്രവർത്തനങ്ങൾകൊണ്ട് സാധിച്ചിട്ടുണ്ട്.<br><br>വർഷംതോറും സംസ്ഥാനത്തിലെ രണ്ട് ജില്ലകളിൽ വച്ച് നടത്തപ്പെടുന്ന പൈതൃകോൽസവം പരിപാടികളുടെ ഭാഗമായും അല്ലാതെയും വിവിധ പട്ടികവർഗ്ഗ സമുദായങ്ങളിൽ നിന്നുള്ള വംശീയ വൈദ്യൻമാരെ പങ്കെടുപ്പിച്ചുകൊണ്ട് വംശീയ വൈദ്യ ചികിത്സാ ക്യാമ്പുകളും മരുന്നാവി കളിയും സംഘടിപ്പിക്കാറുണ്ട്. ഇതിനുപുറമെ സംസ്ഥാനത്തിലെ വിവിധ ജില്ലകളിൽനിന്നുള്ള വംശീയ വൈദ്യൻമാർ തമ്മിലുള്ള കൂട്ടായ്മ വർദ്ധിപ്പിക്കുന്നതിനും മറ്റ് സംസ്ഥാനങ്ങളിലെ വംശീയ വൈദ്യ ചികിത്സാ പാരമ്പര്യത്തെക്കുറിച്ച് അവർക്ക് അറിവ് ലഭിക്കുന്നതിനും മറ്റുമായി കോഴിക്കോട് ചേവായൂരുള്ള വകുപ്പിന്റെ ക്യാമ്പസിൽവച്ച് പൊതുജന പങ്കാളിത്തത്തോടെ ദേശീയ സംസ്ഥാനതല ശിൽപശാലകൾ നടത്താറുണ്ട്. വംശീയ വൈദ്യൻമാർക്ക് ചികിത്സാ സൗകര്യങ്ങളും മറ്റും ഒരുക്കുന്നതിനായി കഴിഞ്ഞ കുറച്ചുവർഷങ്ങളായി ധനസഹായവും നൽകാറുണ്ട്.<br>1996ൽ തിരുവനന്തപുരം ജില്ലയിലുള്ള റീജിയണൽ റിസർച്ച് ലബോറട്ടറിയുടെ സഹായത്തിൽ വംശീയ വൈദ്യത്തിലെ പ്രമേഹ ചികിത്സാ രീതിയ്ക്ക് പേറ്റന്റ് ലഭിക്കുന്നതിനായുള്ള അപേക്ഷ വകുപ്പ് മുൻകൈ എടുത്ത് കൊടുത്തിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തിലെ പട്ടികവർഗ്ഗ വംശീയ വൈദ്യൻമാരുടെ വിവര ശേഖരണം നടത്തുകയും അവ ക്രോഡീകരിച്ച് 2013 ൽ വംശീയ വൈദ്യൻമാർ പേരുവിവര സൂചിക എന്ന തലക്കെട്ടിൽ |

| | | | |
|---|---|---|---|
| | | | പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. പ്രസ്തുത പേര് വിവര സൂചികയിൽ 240 വംശീയ വൈദ്യൻമാരുടെ മേൽവിലാസം, സമുദായം, ചികിത്സാ പ്രാവിണ്യം തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് നടപ്പ സാമ്പത്തികവർഷം പരിഷ്കരിക്കുന്നതിനായി ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി 25 ലക്ഷം രൂപ ചെലവ് വരുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വകുപ്പിലെ ഗവേഷണ പഠനങ്ങളുടെ ഭാഗമായി പട്ടികവർഗ്ഗക്കാരുടെ ചികിത്സാ രീതികളും മറ്റും രേഖപ്പെടുത്തുന്നതിനും അവ വരും തലമുറയ്ക്ക് നൽകുന്നതിനും മറ്റുമായി ഗോത്രവർഗ്ഗക്കാരുടെ ഭക്ഷണവും മരുന്നുമായി ബന്ധപ്പെട്ട സമഗ്ര വിവര ശേഖരണം നടന്നുവരുന്നുമുണ്ട്. |
| സി) | ആദിവാസി ചികിത്സയുടെ മറവിൽ പ്രവർത്തിക്കുന്ന വ്യാജ ചികിത്സാ കേന്ദ്രങ്ങളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | സി) | നിലവിൽ കിർത്താഡ്സിന്റെ വംശീയ വൈദ്യ പേരു വിവര സൂചികയിലുള്ള വംശീയ വൈദ്യന്മാരെ മാത്രമാണ് വകുപ്പ് ശില്പശാലകൾക്കും ഗ്രാന്റ് നൽകുന്നതിനും ക്യാമ്പുകൾക്കും വിളിക്കാറുള്ളൂ. വ്യാജ ചികിത്സാ കേന്ദ്രങ്ങളെക്കുറിച്ച് ഇതുവരെ പരാതി ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ